(ബി) ഈ കാലയളവിൽ ടി.എ., ഡി.എ., അതിഥി സൽക്കാരം, ടെലിഫോൺ ചാർജ്ജ്, വൈദ്യചികിൽസ തുടങ്ങിയ ഇനങ്ങളിൽ പ്രതിപക്ഷനേതാവ് എന്തു തുക ചെലവഴിച്ചു ;

(സി) ഇതിന്റെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷനേതാവിന്റെ വസതി അറ്റകുറ്റപ്പണികൾ നടത്തിയ വകയിൽ 1,68,579 രൂപയും അത്യാവശ്യം വേണ്ട സാധനസാമഗ്രികൾ വാങ്ങിയതിനും അവയുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനും വേണ്ടി 2,08,344 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ ടി.എ., ഡി.എ., ടെലിഫോൺ ചാർജ്ജ്, വൈദ്യ ചികിത്സ തുടങ്ങിയ ഇനങ്ങളിൽ 14,26,582 രൂപ ചെലവായി.

(സി) ഇനം തിരിച്ചുള്ള കണക്ക് താഴെ പറയുംവിധമാണ്.

1. ടി.എ. 2. ഡി.എ.	}	– 4,38,180 രൂപ
3. ടെലിഫോൺ ചാർജ്ജ്		– 9,17,462 രൂപ
4. വൈദ്യചികിത്സ		– 70,940 രൂപ
ആകെ ചെലവഴിച്ച തുക		– 14,26,582 രൂപ

ആശ്രിത നിയമനം നൽകുന്നതിലെ കാലതാമസം

8 (1476) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ജോലി നൽകുന്നത് സംബന്ധിച്ചുള്ള അപേക്ഷകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഉത്തരവ് നൽകിയ വകയിൽ എത്ര പേർക്ക് ജോലി നൽകാൻ ബാക്കിയുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവ് ഓരോന്നും നൽകിയിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly